ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ


**വികാസ് ഭവൻ തിരുവനന്തപുരം- 695003**

**ഫോൺ 0471 2308630 ഫാക്സ് 0471 2308530**


11.08.2020

പ്രസിദ്ധീകരണത്തിന്

## കേരള സംസ്ഥാന യുവജന കമ്മീഷൻ 2020-21 ലെ വിവിധ പദ്ധതികൾക്കായി മാർച്ച് 2021 വരെ ഓൺ ലൈനായി കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നു.

**സംസ്ഥാന പ്രോജക്ട് കോ- ഓർഡിനേറ്റർമാർ (2എണ്ണം, ഓണറേറിയം. 12,000/-)/**

**ജില്ലാ കോ- ഓർഡിനേറ്റർമാർ(14 എണ്ണം ഓണറേറിയം.6000/-)** : മദ്യം, മയക്കുമരുന്ന്, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരേയും, റോഡു സുരക്ഷ, മാനസിക ആരോഗ്യം, ഭരണഘടനാ വിദ്യാഭ്യാസം, പരിസ്ഥിതി പുനരുദ്ധാരണം എന്നിവ സംബന്ധിച്ചുള്ള ബോധവത്ക്കരണ പരിപാടികൾ യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിൽ നടത്തുന്നതിനും, ദൈനംദിനം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കാരണം നിരവധി യുവാക്കളുടെ ജീവൻ നിരത്തുകളിൽ പൊലിയുന്നതും, വർദ്ധിച്ചു വരുന്ന വിവാഹ മോചനങ്ങളും കണക്കിലെടുത്ത് യഥാക്രമം റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും ബോധവത്ക്കരണം പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. ഇതിനായി 14 ജില്ലാ കോ-ഓഡിനേറ്റർമാരെയും, ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് 2 സംസ്ഥാന തല പ്രോജക്ട് കോ- ഓർഡിനേറ്ററേയും തെരഞ്ഞെടുക്കുന്നു. ജില്ലാ കോ-ഓഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത +2 വും, പ്രായപരിധി വയസ്സ് 18 നും - 40 നും മദ്ധ്യേ ആണ്. സംസ്ഥാന പ്രോജക്ട് കോ- ഓർഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത

ഡിഗ്രിയും പ്രായപരിധി വയസ്സ് 20 നും - 40 നും മദ്ധ്യേ ആണ്. പ്രസ്തുത മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

**ഗ്രീൻ യൂത്ത് സംസ്ഥാന പ്രോജക്ട് കോ- ഓർഡിനേറ്റർമാർ (1 എണ്ണം, ഓണറേറിയം. 12,000/-)/**

**ഗ്രീൻ യൂത്ത് ജില്ലാ കോ-ഓഡിനേറ്റർമാർ (14 എണ്ണം, ഓണറേറിയം. 6,000/-)** : പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾ, കൃഷിയുമായി ബന്ധപ്പെട്ട തൊഴിലിനെക്കുറിച്ച് പരിഹാരം കണ്ടെത്തൽ ഗ്രീൻ സോൺ പദ്ധതി ആവിഷ്ക്കരിക്കൽ യുവകർഷകരെ കണ്ടെത്തുന്നതിനും കാർഷിക സംരംഭങ്ങളിലേക്ക് കൊണ്ടുവരുന്നതിനും എന്നിവയ്ക്കു വേണ്ടിയും 14 ഗ്രീൻ യൂത്ത് ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും ഗ്രീൻയൂത്ത്/ജില്ലാ കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ഒരു ഗ്രീൻയൂത്ത് പ്രോജക്ട് കോ-ഓർഡിനേറ്ററേയും തെരഞ്ഞെടുക്കുന്നു. ഗ്രീൻ യൂത്ത് ജില്ലാ കോ-ഓഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത +2 വും, പ്രായപരിധി വയസ്സ് 18 നും - 40 നും മദ്ധ്യേ ആണ്. ഗ്രീൻ യൂത്ത് സംസ്ഥാന പ്രോജക്ട് കോ- ഓർഡിനേറ്റർമാർ അപേക്ഷിക്കുന്നതിനുള്ള യോഗ്യത ഡിഗ്രിയും പ്രായപരിധി വയസ്സ് 20 നും - 40 നും മദ്ധ്യേ ആണ്. പ്രസ്തുത മേഖലകളിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

**വെബ് അഡ്മിനിസ്ട്രേറ്റർ (1എണ്ണം, ഓണറേറിയം. 15,000/-) :** കേരള സംസ്ഥാന യുവജന കമ്മീഷന്റെ ജോബ് പോർട്ടൽ, വെബ്സൈറ്റ് എന്നിവയ്ക്ക് വേണ്ടി ഒരു വെബ് അഡ്മിനിസ്ട്രേറ്ററെ തിരെഞ്ഞെടുക്കുന്നു. യോഗ്യത മലയാളം & ഇംഗ്ലീഷ് ടൈപ്പിംഗ്, കണ്ടന്റ് റൈറ്റിംഗ്, ഫോട്ടോഷോപ്പ്, വെബ് ഡിസൈനിംഗ് എന്നിവയിൽ പരിജ്ഞാനമുള്ളവരെ വെബ് അഡ്മിനായി പരിഗണിക്കുന്നതാണ്. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. യോഗ്യത ഡിഗ്രി, ഡിപ്ലോമ/സർട്ടിക്കേറ്റ് കോഴ്സ്. പ്രായപരിധി 20 നു 40 നും മദ്ധ്യേ ആയിരിക്കണം.

**മീഡിയ കോ-ഓർഡിനേറ്റർ (1എണ്ണം, ഓണറേറിയം. 15,000/-):** കേരള സംസ്ഥാന യുവജന കമ്മീഷന്റെ 2020-21 സാമ്പത്തിക വർഷത്തിലേയ്ക്കായി ഒരു മീഡിയ കോ-ഓർഡിനേറ്ററെ

തിരഞ്ഞെടുക്കുന്നു. യോഗ്യത പത്ര പ്രവർത്തന മേഖലയിലെ പരിചയവും ന്യൂ-മീഡിയയിൽ പരിജ്ഞാനവും ഉണ്ടാവണം. പരാമർശ മേഖലയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.

**ലീഗൽ അഡൈ്വസർ (2എണ്ണം, ഓണറേറിയം. 5,000/-):** കേരള സംസ്ഥാന യുവജന കമ്മീഷന്റെ യൂത്ത് ലീഗൽ സപ്പോർട്ട് സെന്ററിന്റെ നടത്തിപ്പിനായുള്ള അഭിഭാഷക പാനലിനെ തിരഞ്ഞെടുക്കുന്നു. അഭിഭാഷകരായി അഞ്ചുവർഷമെങ്കിലും പ്രാക്ടീസ് ചെയ്തിട്ടുള്ളവരെ പരിഗണിക്കുന്നതാണ്. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. കമ്മീഷന്റെ ഓൺലൈൻ പോർട്ടൽ വഴി യുവജനങ്ങൾ സൌജന്യ നിയമസഹായം നൽകണം.

അപേക്ഷകർ അപേക്ഷ ഫോറം കമ്മീഷന്റെ www.ksyc.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ (ഇ-മെയിലിൽ ഐ.ഡി, വാഡ്സ് അപ്പ് നമ്പർ എന്നിവ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്), യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും, അപേക്ഷകരുടെ ഫോട്ടോയും, സ്കാൻ ചെയ്ത് കമ്മീഷന്റെ keralayouthcommission@gmail.com എന്ന ഇ-മെയിലിൽ അയയ്ക്കേണ്ടതാണ്. അപൂർണ്ണ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷകൾ 17.08.2020 വൈകുന്നേരം 05.00 മണിവരെ മാത്രം സ്വീകരിക്കുന്നതാണ്.

(ഒപ്പ്/-)
സെക്രട്ടറി